MR. J. JOHN KATTAKAYAM : ഇവിടെയുള്ള പലആശുപത്രികളും കടന്നു എറണാകുളത്തു പോകുന്നതിന്റെ കാരണമെന്താണു്?

MRS. M. POONEN LUKOSE : പല ആവശ്യങ്ങൾക്കായും പോയി എന്നു വരാം. തിരുവിതാംകൂർകാർ എവിടെയെല്ലാമാണു പോകുന്നതെന്നന്വേഷിക്കേണ്ട ആവശ്യമില്ല.

MR. J. JOHN KATTAKAYAM: എറണാകുളം ആശുപത്രിയിൽ ചികിത്സാർത്ഥം ഇവർ പോകുന്നതെന്തുകൊണ്ടാണു്?

MRS. M. POONEN LUKOSE : അതവരവരുടെ ഇഷ്ടമാണു്.

Encouragement of the system of Nature Treatment.

14. *MR. J. JOHN KATTAKAYAM: Will the Government be pleased to state :

(*a*) whether they are aware of a new nature treatment without medicine or surgery, by which patients are completely cured ;

(*b*) if so, whether they have done anything to encourage that system of treatment : and

(*c*) whether the Dewan has visited the Naturopathic Hospital at Karukutty in North Travancore which has been run for several years under the supervision of Mr. K. V. Michael ?

MRS. M. POONEN LUKOSE : (*a*) The answer is in the negative.

(*b*) In view of the answer to part (*a*), the question does not arise

(*c*) No.

[The answer was read in Malayalam.]

MR. J. JOHN KATTAKAYAM: ഇന്നത്തെ അധ്യക്ഷൻ ആ സ്ഥലം സന്ദർശിച്ചതായിട്ടുമെമ്പർക്കറിയാമോ?

MRS. M. POONEN LUKOSE. അറിഞ്ഞുകൂടാ.

*MR. J. JOHN KATTAKAYAM : അനേകമാളുകൾ ഈ ആശുപത്രിയിലെ ചികിത്സകൊണ്ടു സുഖംപ്രാപിച്ചുവരുന്നുണ്ടോ എന്നന്വേഷിക്കാൻ തയാറുണ്ടോ?

MRS. M. POONEN LUKOSE : മെമ്പർ കുറച്ചുകൂടി വിവരമായി അറിയിച്ചാൽ അതിനെപ്പറ്റി ആലോചിക്കാം.

MR. J. JOHN KATTAKAYAM: ഇതിനെപ്പറ്റി ഗവണ്മെൻറിനെ അറിയിക്കയും ഗവണ്മെൻറു അതിനു മറുപടി കൊടുക്കയും ചെയ്തിട്ടുള്ളതായി മെമ്പർക്കറിയാമോ?

MRS. M. POONEN LUKOSE : അറിഞ്ഞുകൂടാ.

LIBRARY ARCHIVES Kerala Legislative Assembly